**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 806** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യമൃഗാക്രമണം മൂലം ഉണ്ടാകുന്ന കൃഷിനാശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന കൃഷിനാശവും മറ്റ് നാശനഷ്ടങ്ങളും തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേക്കായി സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടൈൻമന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation – CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്. പുതിയ ആർ.ആർ.ടി.കളുടെ രൂപീകരണവും ശാക്തീരകണവും, ഹോട്ട് സ്പോട്ടുകളിൽ സ്പെഷ്യൽ റിസർവ് ഫോഴ്സുകളുടെ വിന്യാസം, മെട്രോ റെസ്പോൺസ് ടീമുകളുടെ രൂപീകരണം, എ.ഐ. അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ-മുന്നറിയിപ്പ് സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശക സമിതിയുടെ രൂപീകരണം എന്നീ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**(ബി)** വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നിലവിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരിരക്ഷാ മാർഗങ്ങളും നഷ്ടപരിഹാര സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** 1980-ലെ Kerala Rules for Payment of Compensation to Victims of Attack by Wild Animals പ്രകാരവും കലാകാലങ്ങളിലെ ഭേദഗതി പ്രകാരവുമാണ് വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത്.

മനുഷ്യ-വന്യജീവി സംഘർഷത്തിലെ ഇരകൾക്ക് അർഹമായ നഷ്ടപരിഹാരം അനുവദിച്ച് നൽകുക എന്നത് സർക്കാരിന്റെ മുൻഗണനാ പരിപാടികളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതിലേക്കാവശ്യമായ നടപടികൾ വേഗത്തിലാക്കാൻ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. അതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ പ്രത്യേക അദാലത്തുകൾ നടത്തി നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** ഇത്തരം വന്യമൃഗാക്രമണങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വനംവകുപ്പിന്റെ നേതൃത്വത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അർഹതാ മാനദണ്ഡങ്ങളും ആനുകൂല്യങ്ങളും വിശദീകരിക്കാമോ?

**മറുപടി:** ഏർപ്പെടുത്തിയിട്ടില്ല

**സെക്ഷൻ ഓഫീസർ**